Talented Bankers Literary Panel
പുസ്തക പരിചയം 156

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എടമുട്ടംശാഖ.

മലയാളികളുടെ ജർമൻ പ്രവാസം
(25 പേരുടെ അനുഭവങ്ങൾ)

മലയാളിയുടെ പ്രവാസ ജീവിതത്തിന് 80 വർഷത്തോളം പഴക്കമുണ്ട്. ബർമയിലും സിലോണിലും സിംഗപ്പൂരിലും തുടങ്ങി ഗൾഫ് നാടുകളിലും അമേരിക്കയിലുമായി അതിന്നും തുടരുന്നു.

എന്നാൽ 1960-കളിൽ സ്ത്രീകൾ മുന്നണി പടയാളികളായി പ്രവർത്തിച്ച ഒരു കുടിയേറ്റം ഉണ്ട്. കേരളത്തിലെ മദ്ധ്യവർത്തി ക്രിസ്ത്യാനി കർഷക കുടുംബങ്ങളിൽനിന്നും, ആതുര ശുശ്രൂഷ രംഗത്ത് ജോലി ചെയ്യുന്നതിന് വേണ്ടി, ചെറുപ്പക്കാരായ പെൺകുട്ടികൾ സഭയുടെ നേതൃത്വത്തിൽ ജർമനിയിലേക്ക് നടത്തിയ കുടിയേറ്റം. രണ്ടാം ലോക മഹായുദ്ധത്തിൽ തകർന്നു തരിപ്പണമായ ശേഷം ഉയർന്നുവരാൻ ശ്രമിക്കുന്ന വിഭജിത ജർമ്മനിയിലേക്ക്. ഇന്ന് ലോക സമ്പദ് വ്യവസ്ഥയിൽ മുന്നിട്ടുനിൽക്കുന്ന, റഷ്യ കഴിഞ്ഞാൽ കഴിഞ്ഞാൽ ഏറ്റവും വലിയ യൂറോപ്യൻ രാജ്യമായ, ജർമ്മനിയിലേക്ക്.

നഴ്സിംഗ് കൂടാതെ, ജർമൻ വ്യവസായ ലോകത്തേക്കും ഒത്തിരി മലയാളികൾ കുടിയേറി.

എല്ലാ കുടിയേറ്റങ്ങളിലുമുള്ള പോലെ ഇവിടെയും വമ്പിച്ച വെല്ലുവിളികളെ നേരിട്ട് അവർ വിജയം നേടി. കുടുംബങ്ങൾ സ്ഥാപിച്ചു, സാമ്പത്തിക നേട്ടമുണ്ടാക്കി, ജർമനിയിൽ ഒരു മലയാളി സമൂഹത്തിന് അവർ രൂപം കൊടുത്തു.

കാലാവസ്ഥ, ഭക്ഷണം, ഭാഷ എന്നീ മൂന്നു വെല്ലുവിളികൾക്ക് പുറമെ അവരെ കാത്തിരുന്നത് നിറത്തിന്റെ വെല്ലുവിളിയായിരുന്നു. സ്വന്തം സമൂഹത്തിന്റെ വളർച്ചയിൽ അഭിമാനിക്കുന്ന, ഏകജാതീയ സമൂഹത്തിന്റെ മികവ് വെച്ചു പുലർത്തിയിരുന്ന ജർമൻ സംസ്കാരം, വിദേശികളെ അപമാനിച്ചു പോന്നു. യൂറോപ്പുകാരെ ശക്തിയുള്ളവരും കണ്ടുപിടുത്തക്കാരുമായി വാഴ്ത്തുന്ന വെള്ളക്കാർ ഏഷ്യക്കാരെ വിട്ടുവീഴ്ച ചെയ്യാത്ത പിച്ചകൾ എന്നാണ് തരം തിരിച്ചിരുന്നത്. പതിനാറാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ട് വരെ നിലനിന്നിരുന്ന കൊളോണിയലിസത്തിന് പിന്നിലും ഇത്തരം വിവിധ ചിന്തകളായിരുന്നു.

മൂന്നാംഘട്ട രാജ്യത്തോടുള്ള വിവേചനം മടികൂടാതെ പലരും പരസ്യമായി പ്രകടിപ്പിച്ചെങ്കിലും ഇവർ പിടിച്ചുനിന്നു. ജർമൻ ഭാഷയും വേഷവും സംസ്കാരവുമായി അവർ അലിയാൻ ശ്രമിച്ചെങ്കിലും ശരീരത്തിന്റെ നിറം കൊണ്ട് നോട്ടപ്പുള്ളികളായി തുടർന്നു.
എങ്കിലും പലരും എഴുതിയിരിക്കുന്നത് സമൂഹം അങ്ങനെ പെരുമാറിയെന്നാണ് (പൊതു ഇടങ്ങളിലും അപൂർവമായി ഓഫീസുകളിലും). വ്യക്തിബന്ധങ്ങളിൽ ജർമൻകാർ നല്ല സുഹൃത്തുക്കൾ തന്നെയായിരുന്നു.

കഠിനാധ്വാനം കൊണ്ട് വിജയം നേടിയ മലയാളികളുടെ രണ്ടാം തലമുറയും മൂന്നാം തലമുറയും ഈ സമൂഹമായി ലയിച്ചു ചേർന്നു. അതുകൊണ്ട് തന്നെ ആദ്യകാലങ്ങളിൽ ഇവിടേക്കു വന്നവർക്ക് ഗൃഹാതുരത്വം ഉണ്ടെങ്കിലും നാട്ടിൽ വരാൻ കഴിയുന്നില്ല. ഏകദേശം 20,000 മലയാളികൾ ഇവിടെ കഴിയുന്നുണ്ട്, പലരും ഇവിടുത്തെ പൗരത്വം നേടി.

പിൻ തലമുറകൾ, യൂറോപ്യൻ സംസ്കാരം പോലെ, മാതാപിതാക്കളുടെ അടുത്തു നിന്നു മാറി, വേറെ കുടുംബമായി കഴിയുന്നു. വളരെ സംതൃപ്തരാണെങ്കിലും വാർധക്യത്തിന്റെ പടിവാതിൽക്കൽ സന്ദേഹിച്ചു നിൽക്കുന്ന മലയാളി സമൂഹമാണ് ഇവിടെ ഇപ്പോൾ ബാക്കിയുള്ളത്. മിക്കവരും, ചിറകുവച്ച് പറന്നുപോയ കുഞ്ഞുങ്ങൾ ഒഴിഞ്ഞ കൂടുകളുടെ കാവൽക്കാരായി കഴിയുകയാണിപ്പോൾ. ഒരു പത്തു വർഷം കൂടി എല്ലാം ഉണ്ടാവും. അതുകഴിഞ്ഞാൽ മലയാളി സമൂഹത്തിന്റെ ജർമ്മനിയിലെ ജനനവും, വളർച്ചയും, പടിപടിയായ ഇല്ലായ്മയും ഒരു ചരിത്രമാകും.

കഴിഞ്ഞ തവണത്തെ ദേശീയ പുസ്തകോത്സവത്തിൽ നിന്നാണ് കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് ഇറക്കിയ "മലയാളികളുടെ ജർമൻ പ്രവാസം" എന്ന പുസ്തകം വാങ്ങാനിടയായത്. അതിൽ നിന്നും വായിച്ചകാര്യങ്ങൾ ആണ് മുകളിൽ പറഞ്ഞിരിക്കുന്നത്. 350 പേജുള്ള, 200 രൂപ വിലയുള്ള പുസ്തകം എനിക്ക് 100 രൂപയ്ക്കാണ് തന്നത്. 50-60 വർഷങ്ങൾക്കു മുമ്പ് കുടിയേറിയ ഇരുപത്തിയഞ്ചോളം മലയാളി ഗ്രാമീണരുടെ അനുഭവങ്ങളാണ് പുസ്തകത്തിൽ.